# ജാമക്കാരൻ
# JAMAKKARAN


**VOLUME - 4** **Reg NO.TNBIL/2016/70171** **ISSUE - 12**

**DECEMBER - 2020 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. **9894261333 This No. is for SMS Purpose only**




കർത്താവിൽ പ്രിയ ജാമക്കാരൻ വായനക്കാർക്ക്,

നിങ്ങൾക്ക് എല്ലാവർക്കും 2021 പുതുവത്സരാശംസകൾ. ഈ മാസിക 2021 ഫെബ്രുവരി മാസം നിങ്ങളുടെ കൈകളിൽ ലഭിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ മാസം നവംബർ – ഡിസംബർ മാസ ജാമക്കാരൻ മാസികകൾ ഒരുമിച്ച് കവറിലിട്ട് നിങ്ങൾക്ക് അയക്കുന്നതാണ്.

കഴിഞ്ഞ 2020 –ാം വർഷം നമ്മിൽ പലർ പലവിധ ഞെരുക്കങ്ങൾ വഴിയായി കടന്നു വന്നിരിക്കും. അവ നിങ്ങളുടെ ആത്മീയ ജീവിതത്തെ തകർത്തിരിക്കും. മനം തളർന്നു പോകരുത്. നമ്മുടെ ദൈവം ജീവിക്കുന്നവനും സകലചരാചരങ്ങളെ ഉണ്ടാക്കിയ സർവ്വശക്തനായ ദൈവമാകുന്നു. നിങ്ങളുടെ ദുഃഖങ്ങൾക്കും, പ്രശ്നങ്ങൾക്കും ഒരു അവസാനം ഉണ്ട്. സങ്കീർത്തനക്കാരൻ **നീ ഞങ്ങളെ ക്ലേശിപ്പിച്ച ദിവസങ്ങൾക്കും ഞങ്ങൾ അനർത്ഥമനുഭവിച്ച സംവത്സരങ്ങൾക്കും**

ജാ മ ക്കാ ര ൻ JAMAKKARAN

**തക്കവണ്ണം ഞങ്ങളെ സന്തോഷിപ്പിക്കേണമേ** (സങ്കീ. 90:15) എന്ന് കേണപേക്ഷിക്കുന്നു. ഈ ലോകത്തിൽ ജീവിക്കുന്ന എല്ലാ കാലവും പ്രശ്നങ്ങൾ ഒന്നു പോയാൽ മറ്റൊന്ന് വന്നു വന്നു പോകുന്നു. കൊറോണയ്ക്ക് പകരം മറ്റൊരു പുതിയ കൊറോണ. പക്ഷിപ്പനി, എലിപ്പനി ഇങ്ങനെ പുതുതായി പല രോഗങ്ങൾ വരും യിരെമ്യാ പ്രവാചകൻ ഇങ്ങനെ അറിയിക്കുന്നു **(യിരെ. 51:46) ഒരു ആണ്ടിൽ ഒരു വർത്തമാനവും പിറ്റേ ആണ്ടിൽ മറ്റൊരു വർത്തമാനവും കേൾക്കുമ്പോഴും സാഹസകൃത്യങ്ങൾ ദേശത്തു നടക്കുമ്പോഴും അധിപതി അധിപതിയ്ക്ക് വിരോധമായി എഴുന്നേൽക്കുമ്പോഴും നിങ്ങളുടെ ധൈര്യം ക്ഷയിച്ചു പോകരുത് നിങ്ങൾ ഭയപ്പെടുകയും അരുത്**. പ്രവാചകൻ പറഞ്ഞത് യിസ്രയേൽ ജനങ്ങൾക്കുവേണ്ടി മാത്രമാണ്. എന്നാലും ഇന്നും അതുപോലുള്ള പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കേണ്ടി വരുന്നു. ഇപ്പോൾ നാം ചെയ്യേണ്ടതെന്താണ്? മാനസാന്തരപ്പെട്ട് യഥാർത്ഥ ദൈവത്തെ നോക്കി അപേക്ഷിക്കണം. അതോടുകൂടെ വചനം പറയുന്നതുപോലെ സാക്ഷ്യമുള്ള ജീവിതം നയിക്കണം.

ക്രിസ്തീയ സഭകളിൽ ഇപ്പോൾ വിഗ്രഹാരാധന വർദ്ധിച്ചു വരുന്നുണ്ട്. പ്രത്യേകിച്ച് ടി.വി. ചാനൽ വഴിയായി ജനങ്ങളെ വഞ്ചിയ്ക്കുന്ന വിധത്തിൽ "മറിയയോടുള്ള പ്രാർത്ഥന" കൊന്തയെണ്ണി പ്രാർത്ഥിക്കുന്നത് തുടങ്ങിയവ ഓരോ ദിവസവും വർദ്ധിച്ചു വരുന്നു. മലയാള ടി.വി. ചാനലുകളിൽ പ്രത്യേകിച്ച് ശാലോം, ഗുഡ്നെസ് ചാനൽ എന്നിങ്ങനെ നാലു ചാനലുകൾ വഴിയായി തെറ്റായ വിഗ്രഹാരാധനയോടുകൂടിയ പ്രാർത്ഥനകൾ കാണാൻ കഴിയുന്നു. അതിലെ നല്ല പാട്ടുകളും, പ്രസംഗങ്ങളും ജനങ്ങളെ ആകർഷിച്ച് അവസാനം മറിയയോടുള്ള പ്രാർത്ഥനയോടെ നിർത്തുന്നു. മറ്റൊരു ഭാഗത്ത് ഇതേ ചാനലുകലിൽ വായ് കുഴഞ്ഞ് സംസാരിക്കുന്ന അന്യഭാഷാ ഉപദേശങ്ങളെക്കുറിച്ച് പറയുന്ന പെന്തക്കോസ്തുകാരുടെ പ്രസംഗങ്ങളും

കേൾക്കേണ്ടി വരുന്നു. ഇത് ക്രിസ്ത്യാനികളെ മാത്രമല്ല, ജാതികളേയും വഞ്ചിക്കുന്നു.

ഒരു ഇംഗ്ലീഷ് പത്രത്തിൽ ഇങ്ങനെ ഒരു തലക്കെട്ട് ഞാൻ വായിക്കാൻ ഇടയായി "**കർത്താവേ ഞങ്ങളുടെ ക്രിസ്ത്യാനികളെ ക്രിസ്തീയ സഭകളിൽ നിന്നും രക്ഷിക്കണേ**". ആ പത്രത്തിൽ എഴുതിയതുപോലെ തന്നെ കത്തോലിക്ക, യാക്കോബായ, ഓർത്തഡോക്സ് പോലുള്ള സഭകളിലെ വചനത്തിന് വിരുദ്ധമായിട്ടുള്ള ഉപദേശത്തിൽ നിന്നും ക്രിസ്ത്യാനികളെ രക്ഷിയ്ക്കണം. ആത്മീയ സഭ എന്നു പറയപ്പെടുന്ന ധാരാളം പെന്തക്കൊസ്തു സഭകൾ ഉണ്ട്. അങ്ങനെയുള്ള സഭകളിൽ നിന്നും ക്രിസ്ത്യാനികളെ രക്ഷിയ്ക്കണം എന്ന് ആ പത്രാധിപർ എഴുതിയത് 100% സത്യമാണ്.

മറിയ, അന്തോണി പോലുള്ളവർ വിശുദ്ധൻമാർ തന്നെയാണ്. എന്നാലും അവർ എല്ലാവരും മരിച്ചവരാണ്. മരിച്ചവർ എന്നറിഞ്ഞിട്ടും അവരുടെ രൂപത്തെ വിഗ്രഹമാക്കി അത് നോക്കി കൈകൂപ്പി പ്രാർത്ഥിക്കുന്നു. വിശുദ്ധ മറിയയെ ഞങ്ങളെ രക്ഷിക്കേണമേ എന്ന് അപേക്ഷിക്കുന്നു. ആ പള്ളികളിൽ യേശുക്രിസ്തുവിനെ ദൂരെ മാറ്റി വച്ചിരിക്കുന്നു.

ഒരു ടി.വി. പരിപാടിയിൽ കത്തോലിയ്ക്കാ സഭയുടെ അച്ചൻമാർ, ബിഷപ്പുമാർ – സഭ വിശ്വാസികൾ ഇവരുടെ സംഭാഷണം ഞാൻ കേൾക്കാൻ ഇടയായി. അവരുടെ സഭാ വിശ്വാസി തന്നെ ഒരു ചോദ്യം ചോദിച്ചു. വിശുദ്ധ മറിയ മരിച്ചു പോയ ഒരു വ്യക്തിയാണ്. പക്ഷെ വേദപുസ്തകം പറയുന്നു. മരിച്ചു പോയവർ ഒരു ക്രിയയും ചെയ്യുന്നില്ല എന്ന് (സഭാ. 9:5, ഇയ്യോബ് 14:1, സങ്കീ. 30:8, സങ്കീ. 88:10, 115:7, ആവ.18:11) ഈ വചനങ്ങളിലെല്ലാം മരിച്ചു പോയവർ ഒരു അത്ഭുതവും ചെയ്യുന്നില്ല എന്നെഴുതിയിരിക്കുന്നു. നാം സംസാരിച്ചാലും മരിച്ചു പോയവർക്ക് കേൾക്കാൻ കഴിയില്ല. മരിച്ചു പോയവർക്ക് നമ്മോടു സംസാരിക്കാനും കഴിയില്ല. പക്ഷെ സങ്കല്പത്തിലും,

സ്വപ്നത്തിലും കാണാം. പക്ഷെ നമ്മുടെ ദൈവമായ യേശുക്രിസ്തുവോ അവൻ മരിച്ചാലും അവൻ ഇപ്പോഴും ജീവിക്കുന്നു. ജീവിക്കുന്ന ദൈവത്തോടുതന്നെ നാം പ്രാർത്ഥിയ്ക്കണം. യേശുക്രിസ്തു ജീവനോടെ നമ്മുടെ പ്രാർത്ഥന കേൾക്കാൻ കാത്തിരിക്കുമ്പോൾ എന്തിനാണ് മറിയയോട് കൊന്തയുരുട്ടി പ്രാർത്ഥിക്കണം. അതിന്റെ ആവശ്യമില്ലല്ലോ. മറിയ ദൈവമാണോ? അല്ലെങ്കിൽ യേശു ദൈവമാണോ? ടി.വി. സംഭാഷണത്തിൽ ഈ ചോദ്യത്തെ ബിഷപ്പുമാരോടും, അച്ചൻമാരോടും ചോദിച്ചു. ഈ ചോദ്യം അവരെയെല്ലാം ഞെട്ടിച്ചു കളഞ്ഞു. ടി.വി. യിൽ ഈ സംഭാഷണം ലൈവായി ഓടിക്കൊണ്ടിരുന്നു. അപ്പോൾ ഒരു ബിഷപ്പും, രണ്ടച്ചൻമാരും ഓരോരുത്തരായി നമ്മുടെ ദൈവം യേശുക്രിസ്തു മാത്രമാണ്. പക്ഷെ മറിയക്ക് നാം മര്യാദ മാത്രമേ നല്കുന്നുള്ളു എന്ന് അവർ പറഞ്ഞൊപ്പിച്ചു. അങ്ങനെ ആ സംഭാഷണം അവസാനിപ്പിച്ചു. ആ സംഭാഷണം കഴിഞ്ഞ ഉടനെ കന്യാസ്ത്രീകളും ചോദ്യം ചോദിച്ച ജനങ്ങളും അവസാന പ്രാർത്ഥന നടത്തി. ഇത്ര വ്യക്തമായി ബിഷപ്പ് പറഞ്ഞതിന് ശേഷവും അവർ വിശുദ്ധ കന്യാമറിയമേ ഞങ്ങളെ രക്ഷിക്കേണമെ, അമ്മേ ഞങ്ങളുടെ അപേക്ഷകളെ കേൾക്കേണമേ എന്നു പ്രാർത്ഥിച്ചത് അന്ന് ടി.വി. കണ്ടവരെല്ലാവരും, കാണുകയും, കേൾക്കുകയും ചെയ്തു. ഇങ്ങനെ ഈ സഭയിലുള്ള നേതാക്കൾ സഭാജനങ്ങളെ മണ്ടൻമാരാക്കുന്നു എന്ന് അറിഞ്ഞപ്പോൾ എന്റെ മനസ്സ് വളരെ അധികം വിഷമിച്ചു.

ഇത് വായിക്കുന്ന വായനക്കാരേ ഈ പുതുവർഷത്തിൽ നാം ആരാധിക്കുന്ന വിഷയത്തിൽ ജാഗ്രതയായിരിക്കണം. ദയവായി മറിയയോട് ഇനി പ്രാർത്ഥിക്കരുതെന്ന് അപേക്ഷിക്കുന്നു.

യേശു പറഞ്ഞു **ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു**. ഞാൻ തന്നെ **വാതിൽ** എന്നും ഈ **വാതിൽ** വഴിയല്ലാതെ ഒരുത്തനും **സ്വർഗ്ഗരാജ്യത്തിൽ** പ്രവേശിക്കയില്ല എന്നും യേശു പറഞ്ഞു. അപ്പൊ. പ്ര.

4:12 –ൽ **മറ്റൊരുത്തനിലും രക്ഷയില്ല**; (യേശു എന്ന നാമമല്ലാതെ) **നാം രക്ഷിയ്ക്കപ്പെടുവാൻ ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല**. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് വേണ്ടിയാണ് ഞങ്ങൾ മറിയയോട് പ്രാർത്ഥിക്കുന്നത് എന്ന് ബൈബിൾ കോളേജിൽ ഡോക്ടറേറ്റ് എടുത്ത ഒരു കത്തോലിക്ക അച്ചൻ പറഞ്ഞു. അതിന് ഞാൻ മറുപടിയായി 1തിമൊ. 2:2 ലും, 5 ലും, 6 ലും ഉള്ള വചനങ്ങളിൽ **ദൈവം ഒരുവനല്ലോ ദൈവത്തിനും, മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ യേശുക്രിസ്തു തന്നെ**. ഇങ്ങനെ വചനം വ്യക്തമായി പറയുമ്പോൾ മരിച്ച പോയ മറിയയേയും, അന്തോണിയാസിനേയും എന്തിനാണ് ശല്യം ചെയ്യുന്നത്. വായനക്കാർ ഇങ്ങനെയുള്ള ഉപദേശത്തിൽ നിന്നും മാറി നില്ക്കണം. എന്റെ മാസിക എല്ലാവിധ സഭകളിലുമുള്ള വിശ്വാസികൾക്കും പോകുന്നുണ്ട്. അതുകൊണ്ടാണ് ഈ വിഷയത്തെ ഞാൻ സൂചിപ്പിച്ചത്.

**ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

**Dr. M.G.E. PUSHPARAJ**, **SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842** SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

# മൂന്നു വലിയ പാപങ്ങൾ

പാപങ്ങൾ ധാരാളം ഉള്ളപ്പോൾ മൂന്നു പാപങ്ങൾ എന്നാൽ എന്തെന്ന് ആശ്ചര്യപ്പെടേണ്ട പ്രത്യേകിച്ച് മൂന്നു പാപങ്ങളെക്കുറിച്ച് അറിയുന്നത് നല്ലത്.

1. **പരിശുദ്ധാത്മാവിന് വിരോധമായ പാപം**
2. **ക്ഷമിക്കാൻ കഴിയാത്ത പാപം**
3. **മരണത്തിന് കാരണമായ പാപം**

ഈ മൂന്നു പാപങ്ങളെക്കുറിച്ച് നാം വിശദമായി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഈ അറിവ് വിശ്വാസികൾക്കും, അവിശ്വാസികൾക്കും വളരെ പ്രയോജനമുള്ള പാഠമായിരിക്കും. ഇതിനെ വിശദമായി അറിയുന്നതുമൂലം നമുക്ക് വരാൻ പോകുന്ന പല ആവശ്യമില്ലാത്ത സംശയങ്ങൾ മാറിപ്പോകും. കർത്താവിന്റെ വചനംമൂലം നമ്മുടെ വിശ്വാസത്തെ പിന്നേയും അധികമായി ശക്തിപ്പെടുത്താം.

## 1. പരിശുദ്ധാത്മാവിന് വിരോധമായ പാപം

നമ്മിൽ അനേകർ **പരിശുദ്ധാത്മാവ് ത്രിത്വത്തിൽ ഒരുവൻ അല്ല** എന്നു പറയുന്നവരുണ്ട്. അല്ലെങ്കിൽ **പരിശുദ്ധാത്മാവ് ഒരു വ്യക്തിയല്ല** ഒരു **ശക്തി മാത്രമാണ്** എന്നു ചിലർ ചിന്തിയ്ക്കാം. **ആത്മാവിന്റെ വരങ്ങൾ**, അനുഗ്രഹങ്ങൾ തുടങ്ങിയവയെ കൂടി വിശ്വസിക്കാതെ ഇരിയ്ക്കാം. **ആത്മാവിന്റെ അഭിഷേകം, സ്നാനം, ആത്മനിറവ്, അന്യഭാഷ** തുടങ്ങിയ **വരങ്ങൾ**, ഇവയെപ്പറ്റി പല ഭിന്നാഭിപ്രായങ്ങൾ ഉള്ളവരായിരിക്കാം. ഈ

പറഞ്ഞവയൊന്നും **പരിശുദ്ധാത്മാവിന് വിരോധമായ പാപം അല്ല**. കൂടാതെ **ഈ പാപത്തെ** പരിശുദ്ധാത്മാവിന് വിരോധമായ **ദൂഷണം** എന്നും പറഞ്ഞിട്ടുണ്ട് (മത്താ. 12:31, 32; മർക്കോ. 3:28, 29; ലൂക്കോ. 12:10) തുടങ്ങിയ വാക്യങ്ങളിൽ ഈ പാപത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ദൈവം ഇതിനെക്കുറിച്ച് പറഞ്ഞ സന്ദർഭത്തെയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കർത്താവ് ഈ ഭൂമിയിൽ ഉണ്ടായിരുന്നപ്പോൾ പിശാചു പിടിച്ച കുരുടനും ഊമനുമായ ഒരുവനെ അവന്റെ അടുക്കൽ കൊണ്ടു വന്നു. കുരുടനും, ഊമനുമായവൻ **സംസാരിയ്ക്കാനും, കാണാനും** തക്കവണ്ണം അവനെ സൗഖ്യമാക്കി. പുരുഷാരം എല്ലാവരും ദാവീദിന്റെ പുത്രൻ ഇവൻ തന്നെയാണോ എന്ന് ആശ്ചര്യപ്പെട്ടു. പരീശൻമാർ ഇതുകേട്ട് ഇവൻ. പിശാചിന്റെ തലവനായ ബെയിൽസബൂലിനെക്കൊണ്ട് പിശാചിനെ പുറത്താക്കുകയാണെന്ന് പറഞ്ഞു. ഇതുപോലെ ക്രിസ്തു പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പിശാചിനെ പുറത്താക്കുമ്പോൾ അത് ആത്മാവിന്റെ ക്രിയ കൊണ്ടല്ല അത് ബെയിൽസബൂലിനെക്കൊണ്ട് എന്ന് മനഃപൂർവ്വമായി പറയുന്നു. **പരീശൻമാർ** യേശുക്രിസ്തുവിനേയും അവന്റെ ശക്തിയേയും **അറിഞ്ഞിട്ടും** മനഃപൂർവ്വമയി **ബെയിൽസബൂൽ** എന്നു പറയുന്നു. ഇതാണ് അവർ **ആത്മാവിന് വിരോധമായി** പറഞ്ഞ ദൂഷണം. ഈ സംഭവത്തെ വ്യക്തമായി മനസിൽ വച്ചുകൊണ്ട് ചിന്തിച്ചു നോക്കണം. **(1) ഇത് പരീശൻമാർ ചെയ്ത പാപം (2) ഇത് ദൈവം ശരീരപ്രകാരം ഈ ഭൂമിയിൽ ജീവിച്ച നാളിൽ ജനങ്ങൾ ചെയ്ത പാപം.**

അതുകൊണ്ട് ആ പാപത്തെ ഇന്നു നാം അതേ നിലയിൽ ചെയ്യാൻ പറ്റില്ല. കാരണം ദൈവം **ശരീരപ്രകാരം** ഇപ്പോൾ **നമ്മോടുകൂടെ ഇല്ല**. അതുകൂടാതെ **അവർ ദൈവമെന്നറിഞ്ഞും** മനഃപൂർവ്വമായി ചെയ്ത പാപമാണ്. ഈ പാപത്തിന് വിശദീകരണം കൊടുക്കുമ്പോൾ വ്യക്തമായി വേദപുസ്തകത്തിന്റെ ഇതര പകുതികളിൽ പറഞ്ഞിട്ടുള്ള സത്യങ്ങൾക്കു ഭംഗം ഇല്ലാതെ ചിന്തിക്കേണ്ടിയിരിക്കുന്നു. **ഇവർ പരീശൻമാരുടെ**

**കൂട്ടത്തിലുള്ളവർ** എന്നു നാം കണ്ടു. എന്നാൽ **അപ്പോസ്തലനായ പൗലോസ് ഒരു പരീശനാണ്**. ദൈവത്തിനും സഭയ്ക്കും വിരോധമായി പ്രവർത്തിച്ചവനാണ്. എന്നാലും അതെല്ലാം **അവൻ അറിയാതെ അവിശ്വാസം** നിമിത്തം അങ്ങനെ ചെയ്തതാണെന്ന് നാം കാണുന്നു. മുൻപു ഞാൻ **ദുഷിക്കുന്നവനും, കഷ്ടപ്പെടുത്തുന്നവനും** ക്രൂരനും ആയിരുന്നു. അങ്ങനെയാണെങ്കിലും **ഞാൻ അറിയാതെ അവിശ്വാസത്താൽ** അങ്ങനെ ചെയ്തതുകൊണ്ട് കർത്താവെന്നോട് **കരുണ കാണിച്ചു** (1 തിമൊ. 1:13) അവർ എതിർ പറയുകയും ദുഷിക്കയും ചെയ്കയാൽ അവൻ (പൗലോസ്) വസ്ത്രം കുടഞ്ഞു **നിങ്ങളുടെ നാശത്തിന് നിങ്ങൾ തന്നെ ഉത്തരവാദികൾ** എന്നു പറഞ്ഞു (അപ്പോ. 18:6).

യേശുക്രിസ്തുവിന്റെ രക്തം സകല പാപങ്ങളെയും പോക്കി നമ്മെ ശുദ്ധീകരിക്കും എന്നതാണ് സത്യം. അവൻ സർവ്വലോകത്തിന്റെയും പാപത്തെ നീക്കാനായി ജീവബലിയായി (1 യോഹ. 1:7, 22). അതുകൊണ്ട് **അറിഞ്ഞുകൊണ്ട് തള്ളിക്കളയുന്നവനെ പിന്നേയും മാനസാന്തരത്തിലേയ്ക്ക് പുതുക്കുവാൻ കഴിയുന്നതല്ല** (എബ്രാ. 6:6). ദൈവം **ക്ഷമിക്കാൻ മനസില്ലാത്തവനാണോ**! അല്ലെങ്കിൽ ക്ഷമിക്കാൻ കഴിയാത്തവനാണോ! അല്ല മാനസാന്തരപ്പെടാൻ മനസില്ലാതെ മനഃപൂർവ്വമായി എതിർത്തു നില്ക്കുന്നവരേയും, ദുഷിക്കുന്നവരോടും ദൈവം ക്ഷമിക്കുന്നതെങ്ങനെ?

അതുകൊണ്ട് ഇന്നു നാം ആരെങ്കിലും അങ്ങനെയുള്ള ക്ഷമിയ്ക്കാൻ കഴിയാത്ത പാപം ഞാൻ ചെയ്തു പോയല്ലോ എന്നറിഞ്ഞാൽ ആശയകുഴപ്പത്തിലാകേണ്ട ആവശ്യമില്ല. കർത്താവിനോട് ക്ഷമ ചോദിച്ചാൽ മതി ദൈവത്താൽ ക്ഷമിയ്ക്കാൻ കഴിയാത്ത ഒരു പാപവും ഇല്ല എന്നറിഞ്ഞുകൊള്ളുക.

### 2. ക്ഷമിയ്ക്കാൻ കഴിയാത്ത പാപം

അങ്ങനെയും ഒരു പാപം ഉണ്ടോ? അതും നമ്മൾ അറിഞ്ഞിരിക്കണം.

പൊതുവായി **എല്ലാ പാപങ്ങൾ** ദൈവം ക്ഷമിക്കുന്നു എന്നതാണ് സത്യം. എങ്കിലും **ഒരേ ഒരു പാപത്തെ** മാത്രം ദൈവം ക്ഷമിക്കുന്നില്ല. അതുകൊണ്ട് അതിനെയാണ് **ക്ഷമിയ്ക്കാൻ കഴിയാത്ത പാപം** എന്നു പറയുന്നത്. എല്ലാ പാപങ്ങളും ശിക്ഷയർഹിക്കുന്നതാണ്. പാപത്തിൻ ശമ്പളം മരണം എന്നും പാപം ചെയ്യുന്ന ദേഹി മരിക്കും എന്നും **വചനം** ശക്തമായി പറയുന്നു. മനുഷ്യൻ ചെയ്യുന്ന സകല പാപങ്ങളും ക്ഷമിക്കപ്പെടേണം. അതുകൊണ്ട് അതിനുവേണ്ടി തന്റെ ദൈവം ഏകജാതനായ പുത്രനെ ഈ ലോകത്തിലേയ്ക്ക് അയച്ചു. നാം മനഃപൂർവ്വമായി ചെയ്ത എല്ലാ പാപങ്ങൾക്കും ന്യായമായി ലഭിയ്ക്കേണ്ട ശിക്ഷ ദൈവം തന്റെ പുത്രന്റെ മേൽ ചുമത്തി അവനെ കുരിശിൽ ഏല്പിച്ചു കൊടുത്തു. അതുകൊണ്ട് മനുഷ്യരാശി ചെയ്ത പാപങ്ങൾക്കു മുഴുവനും **ക്ഷമ നല്കുവാൻ** അവന്റെ (ദൈവപുത്രന്റെ) **മരണം മതിയായതാകുന്നു.**

മനുഷ്യൻ താൻ ചെയ്ത പാപങ്ങൾക്കുവേണ്ടിയാണ് യേശു മരിച്ചു അടക്കം ചെയ്യപ്പെട്ടു. ഉയർത്തെഴുന്നേറ്റതെന്ന് ഹൃദയം കൊണ്ട് വിശ്വസിച്ചാൽ അവന്റെ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടും. അവനെ വിശ്വസിച്ചില്ലെങ്കിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നില്ല. യേശുവിൽ വിശ്വസിക്കുന്നതിന് ഇത്രയധികം മുഖ്യത്വം കൊടുക്കുന്ന തെന്തിനാണെന്നാൽ കാരണം അവൻ ആരാണ് എന്നതു തന്നെയാണ്.

അവൻ **ലോകത്തെ സൃഷ്ടിച്ചു** (1 കൊരി. 1:16) ജഡത്തിൽ വെളിപ്പെട്ട ദൈവം (യോഹ. 1:14, 1 തിമൊ. 3:16). **പാപികളെ രക്ഷിയ്ക്കാൻ** വന്നു (1 തിമൊ. 1:15, അപ്പോ. 4:12). **മനുഷ്യനുപകരം മരിച്ചു** (1 പത്രോ. 3:18) **പാപികൾക്കായി മരിച്ചു** (അപ്പോ. 7:31). അതുകൊണ്ട് യേശുക്രിസ്തുവിനെ വിശ്വസിച്ചില്ലെങ്കിൽ പാപക്ഷമയും, രക്ഷയും ലഭിയ്ക്കയില്ല. **ഇതാണ് ക്ഷമിയ്ക്കാൻ കഴിയാത്ത പാപം.**

## 3. മരണത്തിന് കാരണമായ പാപം

ദൈവമക്കൾ തെറ്റു ചെയ്യുമ്പോൾ അല്ലെങ്കിൽ പാപം ചെയ്യുമ്പോൾ നമ്മെ തള്ളിക്കളയാതെ രക്ഷിച്ചു പരിശുദ്ധപ്പെടുത്താൻ ദൈവം ആഗ്രഹിക്കുന്നു. തെറ്റായ രീതിയിൽ അർഹതയില്ലാതെ അപ്പത്തിലും, പാനപാത്രത്തിലും പങ്കെടുക്കാൻ പാടില്ല എന്നു നാം അറിയുന്നു. നമ്മിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ ഒതുങ്ങിയിരിക്കണം എന്നു പറഞ്ഞിട്ടില്ല. ഏതു മനുഷ്യനും തന്നെത്താൻ ശോധന ചെയ്തതിനുശേഷം അപ്പത്തിനംശികളാകാമെന്നും പാനപാത്രത്തിൽ നിന്നും കുടിയ്ക്കാം എന്നും പറഞ്ഞിട്ടുണ്ട്. **കുറവുകളു**ണ്ടെങ്കിൽ **ഏറ്റുപറഞ്ഞ്** ക്ഷമ പ്രാപിച്ചതിനുശേഷം തിരുവത്താഴത്തിൽ പങ്കുചേരാം. ഇല്ലെങ്കിൽ അതുമൂലമായി വരുന്ന **ശിക്ഷകളെ**ക്കുറിച്ചു പറയുമ്പോൾ **മൂന്നു കാര്യങ്ങൾ** പറയപ്പെടുന്നു. ബലഹീനം, രോഗങ്ങൾ, മരണം. ഇത് ശാരീരിക മരണത്തെ കാണിക്കുന്നു (1 കൊരി. 5:5) –ൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കൂ ആത്മാവ് യേശുവിന്റെ നാളിൽ രക്ഷിയ്ക്കപ്പെടേണ്ടതിന് ജഡസംഹാരത്തിനായി **സാത്താന് ഏല്പിക്കേണം എന്നു വിധിച്ചിരിക്കുന്നു**. അതുകൊണ്ട് ഇത് **ശരീര മരണത്തെ മാത്രമേ കാണിക്കുന്നുള്ളൂ**. രക്ഷ നഷ്ടപ്പെടുന്നില്ല. ഈ അഭിപ്രായത്തെ (1 യോഹ. 5:16, 17) വാക്യങ്ങളിൽ യോഹന്നാൻ പറയുന്നു. അതുകൊണ്ട് ഒരു വിശ്വാസി പാപജീവിതത്തിൽ തുടർന്നുകൊണ്ടിരുന്നാൽ, ദൈവനാമത്തിന് മഹത്വം കൊടുക്കാതിരുന്നാൽ അവൻ ഭൂമിയിൽ ജീവിച്ചതു മതി. മരണം മൂലമായി ദൈവം തന്നോട് ചേർത്തുകൊള്ളും. ഇവിടെ പ്രത്യേകമായ ഒരു പാപത്തെക്കുറിച്ച് പറയുന്നില്ല.

അതുകൊണ്ട് പരിശുദ്ധാത്മാവിന് വിരോധമായ പാപം അല്ലെങ്കിൽ ദൂഷണം എന്നത് ക്രിസ്തു ഭൂമിയിൽ ജീവിച്ച കാലത്ത് പരീശൻമാർ ചെയ്ത പാപം. ക്ഷമയർഹിയ്ക്കാത്ത പാപം എന്നത് എല്ലാ അവിശ്വാസികളും ചെയ്യുന്ന പാപം. മരണത്തിന് കാരണമായ പാപം എന്നത് വിശ്വാസികളുടെ പാപം ആണ്. ഇവയെല്ലാം വ്യക്തമായി മനസിലാക്കാൻ ദൈവം തന്നെ നിങ്ങൾക്ക് കൃപ നല്കട്ടെ.

# "പരിശുദ്ധാത്മാവിന്റെ സ്നാനം എന്നത് ആർക്ക്?"

അനേകർ, കർത്താവിനെ അനുസരിച്ചു നടക്കുന്ന എല്ലാവരും വെള്ളത്തിൽ ജ്ഞാനസ്നാനം എടുക്കുന്നതുപോലെ **പരിശുദ്ധാത്മാവിൽ** സ്നാനം പ്രാപിക്കണം എന്നും അത് അവർ നിർബന്ധമായും പ്രാപിക്കണം എന്നും വിശ്വസിക്കുന്നു. ഇങ്ങനെ ജ്ഞാനസ്നാനം പ്രാപിച്ചാൽ മാത്രമേ **അപ്പോസ്തലൻമാർ** അവരുടെ കാലത്ത് പ്രാപിച്ചത് പോലെ **അത്ഭുതങ്ങളും, അടയാളങ്ങളും** ചെയ്യാനുള്ള ശക്തി **ലഭിക്കുകയുള്ളൂ** എന്നുള്ള തീരുമാനത്തിൽ എത്തുന്നു. ഇത് അവർ **സമ്മതിയ്ക്കാനും, സമ്മതിപ്പിക്കുവാനും** (അപ്പോ. 2:1–4) അപ്പോസ്തലൻമാർ **ആത്മാവിൽ ജ്ഞാനസ്നാത്തെ** പ്രാപിച്ചതുപോലെ (അപ്പോ.1:15) 120 വിശ്വാസികൾ **പരിശുദ്ധാത്മാവിനെ** പ്രാപിച്ചു എന്ന വാക്യത്തെ കാണിച്ച് സമർത്ഥിക്കുന്നു.

ദയവുചെയ്ത് താഴെ കാണുന്ന ചോദ്യങ്ങളേയും അതിന്റെ മറുപടിയും ചിന്തിച്ചു നോക്കൂ...

**ചോദ്യം** : നമ്മുടെ കർത്താവ് ഈ ലോകത്തെ വിട്ടു പോകുന്നതിന് മുമ്പ് കാര്യസ്ഥൻ അല്ലെങ്കിൽ പരിശുദ്ധാത്മാവ് ആർക്കാണ് വാഗ്ദത്തം ചെയ്തത്?

**ഉത്തരം**: യേശുക്രിസ്തു അപ്പോസ്തലൻമാരോടു സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, ഇങ്ങനെ പറഞ്ഞു. ഞാൻ **പിതാവിന്റെ അടുക്കൽ** നിന്നു നിങ്ങൾക്ക് അയപ്പാനുള്ള **കാര്യസ്ഥനായി** പിതാവിന്റെ അടുക്കൽ നിന്നു **പുറപ്പെടുന്ന** സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും. നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവിൻ.

വീണ്ടും യേശുവിനോട് കൂടെ ഉണ്ടായിരുന്ന **11 അപ്പോസ്തലൻമാരോട്** അവൻ സംഭാഷിക്കുമ്പോൾ **സ്വർഗ്ഗാരോഹണം** ചെയ്യുന്നതിനു മുമ്പ് **ഒലിവുമലയിൽ** വച്ച് ഇപ്രകാരം പറഞ്ഞു. എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും നിങ്ങളോ ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ (ലൂക്കാ. 24:49, അപ്പോ. 1:8) വായിച്ചു നോക്കുവിൻ.

അപ്പോ. 2–ാം അദ്ധ്യായത്തിൽ ആ 120 പേരും **പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനം** പ്രാപിച്ചോ? അപ്പോ. ഒന്നും രണ്ടും അദ്ധ്യായം വായിക്കുമ്പോൾ ഇതിലെ മുഖ്യ കഥാപാത്രം **അപ്പോസ്തലൻമാർ** തന്നെയാണ് എന്നു കാണാൻ സാധിക്കും. പഴയകാലത്ത് യഥാർത്ഥ തോല് ചുരുകളിൽ അദ്ധ്യായങ്ങൾ, വാകൃങ്ങൾ എന്ന് പരിയ്ക്കാതെ എല്ലാം ഒന്നായിട്ടായിരുന്നു ഇരുന്നത്. ഇപ്പോൾ നമ്മുടെ കൈകളിൽ നല്കപ്പെട്ടിട്ടുള്ള വേദപുസ്തകത്തിൽ അപ്പോ. 1:26 –ൽ മത്ഥ്യാസ്, യൂദാ ഇസ്ക്കരിയോത്താവിന് പകരം തിരഞ്ഞെടുക്കപ്പെട്ടു. 11 അപ്പോസ്തലൻമാരോടു കൂടെ ചേർക്കപ്പെട്ടു. അതിനുശേഷം രണ്ടാം അദ്ധ്യായം എന്ന് പിരിക്കപ്പെട്ടു. അവിടെ ഇങ്ങനെ നാം വായിക്കുന്നു. **പെന്തക്കോസ്തു** നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്ത് ഒന്നിച്ചു കൂടിയിരുന്നു.................... എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (അപ്പോ. 2:1–4).

അത് കേട്ട് എല്ലാവരും ഭ്രമിച്ച് ആശ്ചര്യപ്പെട്ടു ഈ സംസാരിക്കുന്ന എല്ലാവരും ഗലീലക്കാർ അല്ലയോ? എന്നു ചോദിച്ചു (2:7).

എന്നാൽ അവർ പറയുന്നതുപോലെ ആ 120 പേർ എല്ലാവരും **ഗലീലക്കാർ ആയിരിക്കാൻ സാധ്യതയില്ല**. എന്നാൽ **അപ്പോസ്തലൻമാർ ഗലീലക്കാർ ആയിരുന്നു**. പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനം അവർക്ക് തന്നെയാണ് **വാഗ്ദത്തമായി നല്കപ്പെട്ടത്**. പരിശുദ്ധാത്മാവിന്റെ **വചനം** അത്ഭുതാവഹമായി പ്രാപിച്ചവർ.

**ചോദ്യം** : (അപ്പോ. 2:38) **ധാരാളം ജനങ്ങൾക്കു വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിൻ വരവും, അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യാനുള്ള** പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനവും ഒന്നാണോ?

**ഉത്തരം**: അല്ല, ഇത് അനുസരിക്കുന്നവരുടെ ഉള്ളിൽ ആത്മീയ ജീവൻ പുതുക്കുന്ന ഒരു അനുഭവമാണ്. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ **ജ്ഞാനസ്നാനം** പ്രാപിക്കുന്ന എല്ലാവരും **പരിശുദ്ധാത്മാവിന്റെ വരത്തെ പ്രാപിക്കുന്നു** (അപ്പോ. 5:32).

ചില ജനങ്ങൾ പെന്തക്കോസ്തു നാളിലെ എല്ലാ വിശ്വാസികളും അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യാൻ പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനത്തെ പ്രാപിച്ചു എന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ (അപ്പോ. 6:3–6) വാകൃങ്ങളിൽ ഒരു വിശേഷമായ വേലയ്ക്കായി ഏഴു **ശിഷ്യന്മാരുടെ മേൽ** മാത്രം അപ്പോസ്തലൻമാർ എന്തുകൊണ്ട് **കൈവച്ച്** പ്രാർത്ഥിക്കേണ്ട നില വന്നത്?

സത്യത്തിൽ **അപ്പോസ്തലൻമാർ** മാത്രമേ **പരിശുദ്ധാത്മാവിന്റെ സ്നാനത്തെ** പ്രാപിച്ചിരുന്നുള്ളു. മറ്റവർ **വെള്ളത്തിലുള്ള സ്നാനം** മാത്രമേ പ്രാപിച്ചിരുന്നുള്ളൂ. അതു മൂലമായി പാപക്ഷമ പ്രാപിച്ചു. അതുമാത്രമല്ല പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളിൽ വാസം ചെയ്തു. അതുകൊണ്ട് അപ്പോസ്തലൻമാർക്ക് മാത്രമേ **അത്ഭുതങ്ങളും, അടയാളങ്ങളും** ചെയ്യാനുള്ള ശക്തി ഉണ്ടായിരുന്നുള്ളൂ (അപ്പോ. 1:15) നാം കാണുന്ന 120 ശിഷ്യൻമാരോ അല്ലെങ്കിൽ അപ്പോ. 2:41 –ൽ നാം കാണുന്ന **3000 ജനങ്ങളോ** അപ്പോസ്തലൻമാർ പ്രാപിച്ചതുപോലെ **പരിശുദ്ധാത്മാവിൻ ജ്ഞാനസ്നാനത്തെ** പ്രാപിച്ചില്ല എന്ന് അറിയേണ്ടതുണ്ട്.

എങ്കിലും അപ്പോ. 6:1–8 വാകൃങ്ങളിൽ നാം വായിക്കുമ്പോൾ **മേശയിൽ ശുശ്രൂഷ** ചെയ്യാൻ 7 പേരെ തിരഞ്ഞെടുക്കണമെന്ന് അപ്പോസ്തലൻമാർ പറഞ്ഞപ്പോൾ ആ 7 പേരും നല്ല സാക്ഷ്യം പ്രാപിച്ചവരും **പരിശുദ്ധാത്മാവും ജ്ഞാനവും** നിറഞ്ഞ് കാണപ്പെടേണം എന്നും പറഞ്ഞു. ആ 7 പേരും അപ്പോ. 2:38 –ൽ വാഗ്ദത്തം ചെയ്യപ്പെട്ട **പരിശുദ്ധാത്മാവിന്റെ**

**വരത്തെ മുമ്പു തന്നെ പ്രാപിച്ചിരുന്നു** എന്നത് ഇതുമൂലം മനസിലാക്കാം. എന്നാൽ അവർ പരിശുദ്ധാത്മാവു മൂലമായി അത്ഭുതങ്ങളും അടയാളങ്ങലും ചെയ്യാനുള്ള ശക്തി പ്രാപിച്ചിരുന്നില്ല. ഈ 7 പേരും, അപ്പോസ്തലൻമാർ **അവരുടെമേൽ കൈവച്ച് പ്രാർത്ഥിച്ചപ്പോഴാണ് അത്ഭുത അടയാളങ്ങളെ** ചെയ്യാനുള്ള ശക്തിയെ പ്രാപിച്ചത് **(അപ്പോ. 6:8, 8:5,6)**.

**ചോദ്യം : ഈ കാലത്ത് ക്രിസ്തുവിനെ വിശ്വസിക്കുന്നവർ പരിശുദ്ധാത്മാവിന്റെ ജ്ഞാനസ്നാനത്തെ പ്രാപിക്കുന്നുണ്ടോ?**

**ഉത്തരം:** ഇല്ല! എന്തെന്നാൽ ആ **വിശേഷമായ** സ്നാനം അപ്പോസ്തലൻമാർക്ക് മാത്രം വാഗ്ദത്തം നല്കപ്പെട്ട് അവർക്കുമാത്രം കൊടുക്കപ്പെട്ടതാണ്. ഇത് **യഹൂദ ജനത്തിന്** അടയാളമായി നല്കപ്പെട്ടതാണ്. അതുപോലെ കൊർന്നല്യോസും കുടുംബവും **പരിശുദ്ധാത്മാവിന്റെ സ്നാനം** പ്രാപിച്ചു കാരണം, **പുറജാതികളേയും ദൈവം സ്വീകരിച്ചു** എന്നതിന് അടയാളമായിട്ടാണ് ഇത് നല്കപ്പെട്ടത് (അപ്പോ. 10 അദ്ധ്യായം) **ഇതല്ലാതെ** വേറെ ആരും ഈ **പരിശുദ്ധാത്മാവിന്റെ സ്നാനത്തെ പ്രാപിച്ചതായി നമുക്ക് വചനങ്ങൾ ഒന്നും നല്കപ്പെട്ടിട്ടില്ല. അപ്പോസ്തലൻമാർ** മാത്രം പ്രത്യേകമായി ചിലരെ തിരഞ്ഞെടുത്ത് **അവരുടെമേൽ കൈവച്ച് അത്ഭുത അടയാളങ്ങൾ** ചെയ്യുന്ന ശക്തിയെ അവർക്കു കൊടുക്കാം. അങ്ങനെ വരം പ്രാപിച്ചവർ ഈ വരത്തെ വേറെ ആർക്കും കൊടുക്കാൻ കഴിയില്ല **(അപ്പോ. 6:6, 8:14-17)**. ഈ സത്യത്തെ നാം അപ്പോ. 5:12 -ൽ കാണാൻ കഴിയും. **അപ്പോസ്തലൻ**മാരുടെ കൈവെപ്പിനാൽ പരിശുദ്ധാത്മാവ് ലഭിച്ചു. പരിശുദ്ധാത്മാമാവിനാൽ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു അപ്പോ. 8:18.

**ചോദ്യം : സഭ ശൈശവ നിലയിൽ ഇരുന്ന സമയത്ത്, പുതിയനിയമം എഴുതപ്പെട്ടു കൊണ്ടിരുന്നപ്പോൾ, വേദവാക്യങ്ങളെ ഉറപ്പിയ്ക്കാനായി കൊടുക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ ജനങ്ങൾ സ്നാനപ്പെടുമ്പോൾ എന്താണ് പ്രാപിക്കുന്നത്?**

**ഉത്തരം:** നാം കർത്താവിനെ അനുസരിക്കുമ്പോൾ നമുക്ക് നല്കിയ വാഗ്ദത്തമായ പരിശുദ്ധാത്മാവിന്റെ വരത്തെ പ്രാപിക്കുന്നു. ദൈവത്തിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നതുകൊണ്ട് നമുക്ക് ആത്മീയജീവിതം ലഭിക്കുന്നു **(അപ്പോ. 2:38, റോമ. 8:9–11)**.

എന്നാൽ അതേസമയത്ത് വടക്കേ ഇന്ത്യയിൽ ആദിവാസികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറിമാർ വചനം അറിയാത്ത ജനങ്ങൾ യേശുവേ രക്ഷകനായി സ്വീകരിയ്ക്കാൻ, ആ ജനങ്ങൾക്ക് വേണ്ടി, അവരുടെ രോഗങ്ങൾക്കായി പ്രാർത്ഥിച്ചപ്പോൾ അത്ഭുത സുഖങ്ങൾ പ്രാപിച്ചു യേശുവിനെ രക്ഷകനായി സ്വീകരിച്ചു. അതുമൂലം അനേകം ജനങ്ങൾ തങ്ങളുടെ വീട്ടിലുണ്ടായിരുന്ന വിഗ്രഹങ്ങളെ വലിച്ചെറിഞ്ഞ് സ്നാനപ്പെട്ട് യേശു ക്രിസ്തുവിനെ സ്വന്ത രക്ഷകനായി ഏറ്റുകൊണ്ടു. അങ്ങനെ ആയിരക്കണക്കിന് സഭകൾ സ്ഥാപിതമായി.

ഇതിനാധാരമായി മർക്കോ. 16–ാം അദ്ധ്യായത്തെ പറയാം. മർക്കോ. 16:17 വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും എന്നു പറഞ്ഞ് യേശു പറയുന്ന പല അടയാളങ്ങളെ നമുക്ക് വായിയ്ക്കാൻ കഴിയും. അവർ ഭൂതങ്ങളെ പുറത്താക്കും. പുതിയ ഭാഷ............ അവർ രോഗികളുടെ മേൽ കൈ വയ്ക്കുമ്പോൾ അവർക്ക് സൗഖ്യം വരും എന്നു എഴുതിയിരിക്കുന്നു. ഇന്നും ഇങ്ങനെയുള്ള അത്ഭുതങ്ങൾ നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

യഥാർത്ഥ വിശ്വാസി സൗഖ്യം പ്രാപിയ്ക്കാൻ ശുശ്രൂഷകൻമാരെ അന്വേഷിച്ചു പോകത്തില്ല. അവന് വചനത്തെക്കുറിച്ച് അറിയാം. വചനപ്രകാരം ജീവിച്ചാൽ അവന്റെ രോഗം അവന്റെ പ്രാർത്ഥനയിൽ തന്നെ മാറിപ്പോകും. നമ്മെ വഴി നടത്താനും, ഉറപ്പിയ്ക്കാനും ദൈവവചനം നമ്മുടെ കൈകളിലുണ്ട് (മർക്കോ. 16:20, യോഹ. 20:30, 31) വിശ്വാസം കേൾവിയാൽ വരും (റോമ. 10:17) അല്ലാതെ അത്ഭുതങ്ങളും അടയാളങ്ങളും കാണുന്നതു കൊണ്ടല്ല.

# നാലു സുവിശേഷ പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

**മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ** തുടങ്ങിയ **നാലു സുവിശേഷങ്ങളെ** ദൈവം നാലു വ്യക്തികളെക്കൊണ്ട് എഴുതി. ഇവർ നാലുപേരും യേശുക്രിസ്തുവിന്റെ ജീവിതചരിത്രത്തെ എഴുതിയിട്ടുണ്ടെങ്കിലും അവയിൽ ചില വ്യത്യാസങ്ങൾ ഉള്ളത് നമുക്ക് കാണാൻ കഴിയും. അതിന്റെ ഉദ്ദേശ്യത്തെയും, കാരണത്തെയും വിശേഷ തനിമയെയും നാം വ്യക്തമായി അറിയേണ്ടത് ആവശ്യമാണ്.

**മത്തായി**

ഒന്നാമതായി യേശുക്രിസ്തുവിന്റെ ജനനത്തോട് സംബന്ധിച്ചുള്ള കാര്യങ്ങളെ ശ്രദ്ധിയ്ക്കാം. മത്തായി **യഹൂദൻമാരുടെ രാജാവിനെ**ക്കുറിച്ച് എഴുതുന്നതുകൊണ്ട് **രാജാവായി യേശു വരുന്നതിനെ**ക്കുറിച്ച് ആവശ്യമായ രണ്ടു മുഖ്യകാരണങ്ങളെ വ്യക്തമാക്കാൻ അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ **പുത്രൻ** എന്ന് ആരംഭിക്കുന്നു. യഹൂദൻ ഒരുവനെ **രാജാവായി സ്വീകരിയ്ക്കണമെങ്കിൽ** ആ വ്യക്തി **അബ്രഹാമിന്റെ സന്തതിയിൽ ഉള്ള ആളായിരിക്കണം**. അതിലും **ഒരു യഹൂദൻ മാത്രമേ യഹൂദന് രാജാവായി വരുവാൻ കഴിയുകയുള്ളു**. മാത്രമല്ല ആ വ്യക്തി **ദാവീദിന്റെ വംശത്തിൽപ്പെട്ട വ്യക്തിയായിരിക്കേണ്ടതും** ആവശ്യമാണ്. എന്തെന്നാൽ ദാവീദിന് ദൈവം വാഗ്ദനത്തം നല്കിയത് **നിന്റെ വംശവും, രാജ്യവും എന്റെ മുമ്പാകെ എന്നേക്കും നിലനില്ക്കും**. നിന്റെ സിംഹാസനം എന്നേയ്ക്കും സ്ഥിരമായിരിക്കും എന്ന് (2 ശമു. 7:16) പറയുന്നു. പല സങ്കീർത്തനങ്ങൾ വഴിയായി ദാവീദിന് ദൈവം നല്കിയ വാഗ്ദത്തത്തെ ഉറപ്പിക്കുന്നു.

**പ്രത്യേകിച്ച് സങ്കീ. 89-ൽ പറഞ്ഞിരിക്കുന്നത് കാണാം:-**

ഞാൻ നിന്റെ വംശത്തെ എന്നേയ്ക്കും സ്ഥിരമാക്കും, നിന്റെ **സിംഹാസനത്തെ എന്നേയ്ക്കും തലമുറ തലമുറയോളം നിലനിർത്തും.** ഞാൻ എന്റെ നിയമം ലംഘിയ്ക്കുകയോ, എന്റെ അധരങ്ങൾ ഉച്ചരിച്ചതിനെ വ്യത്യാസപ്പെടുത്തുകയോ ചെയ്യുകയില്ല. എന്റെ വിശുദ്ധിയെ കൊണ്ട് ഞാൻ ഒരിക്കൽ സത്യം ചെയ്ത് ദാവീദിനോട് ഞാൻ വ്യാജം സംസാരിയ്ക്കുകയില്ല (സങ്കീ. 89:34, 35).

അനന്തരം **യീശായിയുടെ** വേരിൽ നിന്നും ഒരു മുള ഉയർന്നു വരും അത് ഫലം കായിക്കും എന്ന് പറയുന്നു (യെശയ്യ. 11:1) ഇതാ ഞാൻ **ദാവീദിന് നീതിയുള്ള ഒരു ശാഖയെ ഉത്ഭവിപ്പിക്കുന്ന കാലം വരുന്നു. അവൻ രാജാവായി ഭരണം നടത്തുകയും ബുദ്ധിപൂർവ്വം പ്രവർത്തിച്ച് നീതിയും, ന്യായവും നടത്തും** എന്ന് യിരെ. 23:5 –ൽ **യേശുക്രിസ്തുവിനെ**ക്കുറിച്ച് പ്രവചനാത്മാവിൽ മുൻ എഴുതിയിരിക്കുന്നു. അങ്ങനെ യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് **മത്തായി** പറയുമ്പോൾ, അവൻ **യേശു രാജാവിനെക്കുറിച്ച്** പറയുന്നു അതിന് മുഖ്യമായി ആവശ്യമായിരിക്കുന്ന **അബ്രഹാമിന്റെ പുത്രനായും, ദാവീദിന്റെ** പുത്രനെ വെളിപ്പെടുത്തുന്ന **പട്ടികയെയും** നിരത്തുന്നു.

**മർക്കോസ്**

രണ്ടാമത്തെ പുസ്തകമായ **മർക്കോസിന്റെ സുവിശേഷം** എഴുതിയിത് **മർക്കോസ്** എന്ന വ്യക്തിയാണ്. ഇദ്ദേഹം **ഒരു റോമാക്കാരനാണ്. റോം ദേശത്തിൽ** നിന്നും ഈ സുവിശേഷത്തെ എഴുതുന്നു. ഇദ്ദേഹം യേശുക്രിസ്തു **ദൈവത്തിന്റെ ദാസൻ** എന്ന അടിസ്ഥാനത്തിൽ എഴുതുന്നതുകൊണ്ട് യേശുക്രിസ്തുവിന്റെ **ജനന സംബന്ധമായ** കാര്യങ്ങളെക്കുറിച്ച് ഈ പുസ്തകത്തിൽ എഴുതുന്നില്ല. **ദാസന് വേലയാണ് മുഖ്യം.** അതല്ലാതെ, അവൻ ഏത് ദേശക്കാരൻ, അവരുടെ മാതാപിതാക്കൾ

ആരാണ് എന്ന ഒരു കാര്യവും മുഖ്യമല്ലാത്തതുകൊണ്ട് അവയെക്കുറിച്ച് ഒന്നും പറയാതെ യേശുക്രിസ്തുവിന്റെ ശുശ്രൂഷയെക്കുറിച്ചു പ്രത്യേകമായി പറയുന്നു.

## ലൂക്കോസ്

മീഖാ പ്രവാചകൻ പറയുന്നതുപോലെ **യേശു ബത്ലഹേമിൽ ജനിക്കും** എന്ന പ്രവചനം അങ്ങനെ തന്നെ നിറവേറിയതായി ലൂക്കോസ് പറയുന്നു (ലൂക്കോ. 2:4-7). കൂടാതെ **ഒരു കന്യകയുടെ** വയറ്റിൽ കർത്താവ് ജനിക്കുമെന്നും പറയുന്നു (ലൂക്കോ. 1:27-31). ഇവ നിറവേറുന്നതിന് വേണ്ടി ദൈവം എങ്ങനെ **ചരിത്ര സംഭവങ്ങളെ** ഒത്തിണക്കിക്കൊണ്ടു പോയി എന്നത് വളരെ ആശ്ചര്യപ്പെടുത്തുന്ന കാര്യമാണ്.

**മറിയ** പൂർണ്ണ ഗർഭിണിയായി **നസറേത്ത്** എന്ന ഗ്രാമത്തിൽ ഇരുന്നു. എന്നാലും **യേശു ജനിച്ചത് ബത്ലഹേമിലാണ്**. ഇതിന് രണ്ട് കാര്യങ്ങളെ ദൈവം ക്രമീകരിച്ചിരുന്നു.

1. **യോസേഫിനോടൊപ്പമുള്ള വിവാഹനിശ്ചയം**
2. **ജനസംഖ്യാ നിർണ്ണയം** നടത്താനുള്ള അഗസ്തോസ് കൈസറുടെ കല്പന.

**യോസേഫ്** ദാവീദിന്റെ വംശക്കാരനും, കുടുംബക്കാരനും ആയതുകൊണ്ട് തനിക്ക് ഭാര്യയായി നിയമിച്ചിരിക്കുന്ന ഗർഭവതിയായ മറിയയോടുകൂടെ **ജനസംഖ്യാ നിർണ്ണയ**ത്തിനായി ഗലീലാ ദേശത്തിലുള്ള **നസറേത്തിൽ** നിന്നും യഹൂദ നാട്ടിലെ **ബത്ലഹേമിലുള്ള ദാവീദിൻ ദേശത്തിലേയ്ക്ക്** പോയി. അവിടെ അവർ താമസിക്കുമ്പോൾ അവൾക്ക് പ്രസവകാലം വന്നു. അവൾ തന്റെ ആദ്യജാതനെ പ്രസവിച്ച് സത്രത്തിൽ ഇടമില്ലാത്തതുകൊണ്ട് കുഞ്ഞിനെ തുണികളിൽ ചുറ്റി കാലിത്തൊഴുത്തിൽ കിടത്തി (ലൂക്കോ. 2:4, 7).

മാത്രമല്ല, **വംശാവലി**യെക്കുറിച്ച് പറയുമ്പോൾ അവൻ **മനുഷ്യനായ** ക്രിസ്തുവിനെക്കുറിച്ച് എഴുതുന്നതുകൊണ്ട് **മറിയയിൽ** ആരംഭിച്ച്, **ആദാം** വരെയുള്ള ചരിത്രത്തെക്കുറിച്ച് പറയുന്നു. ഈ ഭാഗത്ത് **മത്തായി** പറയുന്ന **വംശാവലിയും**, ലൂക്കോസ് പറയുന്ന **വംശാവലിയും** ഒന്നിച്ച് ചേർത്ത് വായിച്ച് മനസ്സിലാക്കണം. മത്തായി പറയുമ്പോൾ **ആദാം** മുതൽ **അബ്രഹാം** വരെയുള്ള വിവരങ്ങളെ പറയാതെ വിട്ടുകളഞ്ഞു. **അബ്രഹാം** മുതൽ **ദാവീദ്** വരെയുള്ള വിവരങ്ങളെ മാത്രം പറഞ്ഞ്, **ദാവീദിന്റെ** രണ്ടു പുത്രൻമാരിൽ ഒരാളായ **ശലോമോൻ** മൂലം മറിയയുടെ ഭർത്താവായ **യോസേഫ്** വരെ പറഞ്ഞ്, അവളിൽ യേശു ജനിച്ചു എന്നു പറഞ്ഞ് ചരിത്രത്തെ അവസാനിപ്പിക്കുന്നു. **യേശുവിനെ രാജാവായി** ചിത്രീകരിയ്ക്കാൻ അത് മതിയായതാണ്. എന്നാൽ ലൂക്കോസ് **മറിയയിൽ** ആരംഭിക്കുന്നു. എന്നാൽ **മറിയയു**ടെ പേര് പറയാതെ അവളുടെ **ഭർത്താവിന്റെ പേര് മാത്രം** പറയുന്നു. ചിലർ വംശാവലിയെക്കുറിച്ച് പറയുമ്പോൾ **സ്ത്രീകളുടെ പേര്** പറയാറില്ല. ലൂക്കോസും **ഈ വഴി തന്നെയാണ്** പിൻപറ്റുന്നത്.

ഇവിടെ **ദാവീദിന്റെ** മറ്റൊരു മകനായ **നാഥാൻ** വഴിയായുള്ള **വംശാവലി**യെക്കുറിച്ച് പറഞ്ഞ് അത് **മറിയ** വരെയും പറഞ്ഞിരിക്കുന്നത് ശ്രദ്ധിയ്ക്കണം. **മരുമകനെ** മകൻ **എന്നു പറയുന്നതായി** പഴയനിയമങ്ങളിൽ നമുക്ക് കാണാൻ കഴിയും. അതുകൊണ്ടാണ് ഏലിയുടെ മകനായ **യോസഫ്** എന്ന് (മത്താ. 1:16) –ൽ പറയുന്നത്. ദാവീദ് **ശൗലിന്റെ മരുമകനായിരുന്നിട്ടും** മകനെ **എന്ന് വിളിക്കുന്നത്, ദാവീദ് ശൗലിന്റെ മരുമകനായിരുന്നിട്ടും** ശൗലിനെ അപ്പാ എന്നു വിളിക്കുന്നതും 1 ശമു. 24:11, 16 –വാക്യങ്ങളിൽ കാണാം. മേൽ പറഞ്ഞ 2 വംശാവലിയും ദാവീദിന്റെ 2 പുത്രൻമാരിൽ നിന്നും പിരിയുന്നു എന്ന് അറിഞ്ഞാൽ മതി.

ഇതല്ലാതെ **യേശു കുഞ്ഞിനെ ഇടയൻമാർ** വന്ന് വണങ്ങിയത്, **8–ാം നാളിൽ** ദേവാലയത്തിൽ കൊണ്ടു ചെന്നത്, **പരിച്ഛേദന കഴിച്ചത്**, **ശിമയോനും ഹന്ന** പ്രവാചകിയും ദൈവപുത്രനെക്കുറിച്ച് പറഞ്ഞ

കാര്യങ്ങൾ. അവനെ 12 **വയസായപ്പോൾ പെരുന്നാളിനായി യരുശലേമിലേയ്ക്ക്** കൊണ്ടു പോയത്, അവൻ **വേദ പണ്ഡിതൻമാരോട്** സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഉള്ള അനേക കാര്യങ്ങളെക്കുറിച്ച് **ലൂക്കോസ്** പറയുന്നു.

## യോഹന്നാൻ

നാലാമത്തെ പുസ്തകമായ **യോഹന്നാൻ** ദൈവപുത്രനായ **ക്രിസ്തുവിനെക്കുറിച്ച്** പറയുന്നതുകൊണ്ട് ദൈവത്തിന് **ജനനമില്ലാത്തതുകൊണ്ടും** അവൻ **അനാദിയായും, ശാശ്വതമായും ഇരിക്കുന്നതുകൊണ്ട്** ദൈവത്തിന്റെ **ജനനത്തെക്കുറിച്ച്** ഒന്നും പറയാതെ **ദൈവത്തിന്റെ നാമം** വചനമെന്നതാണ് (വെളി. 19:13). **ആ വചനം** ആദി മുതൽ ഉണ്ടായിരുന്നു (യോഹ. 1:1). ആ വചനം **ജഢമായി** (യോഹ. 1:4).

അതുകൊണ്ട് 4 സുവിശേഷത്തെയും എഴുതിയവർ ദൈവത്തിന്റെ ജനനത്തെക്കുറിച്ച് എഴുതുമ്പോൾ ഓരോരുത്തരും യേശുവെ മനസ്സിൽ വിചാരിച്ച് **ആരെക്കുറിച്ച് എഴുതുന്നുവോ** അതുപോലെ തന്നെ അദ്ദേഹത്തിന്റെ **ജനനത്തെക്കുറിച്ചും** എഴുതിയിരിക്കുന്നു.

## വായനക്കാരുടെ കത്ത്

2019 മാർച്ച് മാസ ജാമക്കാരൻ മാസികയിൽ എഴുത്തുകാരന്റെ കുറിപ്പിൽ നിങ്ങൾ എഴുതിയത് വായിച്ചപ്പോൾ നിങ്ങളുടെ **മനസിന്റെ ഭാരത്തെ അതിൽ വെളിപ്പെടുത്തിയിരുന്നു**. വായനക്കാരിൽ പലർ മറ്റു മാസികകളെ വായിക്കുന്നതുപോലെ ജാമക്കാരൻ വായിച്ചു രസിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. ജാമക്കാരൻ ഏതോ നേരം പോക്കിനുവേണ്ടി എഴുതിയതെന്ന് മനസിൽ ചിന്തിയ്ക്കുന്നതായി നിങ്ങളുടെ **മനസ്സിന്റെ ഭാരത്തെ** എഴുതിയിരുന്നു.

എന്നാൽ എല്ലാവരും നിങ്ങളുടെ മാസികയെ മുകളിൽ നിങ്ങൾ എഴുതിയതുപോലെ വായിക്കുന്നില്ല. **പ്രത്യേകിച്ച് നീണ്ടകാലമായി**

ജാമക്കാരൻ വായിക്കുന്ന **ഞങ്ങളെപ്പോലെ** എത്രയോ വായനക്കാർ ജാമക്കാരൻ **ആശയോടെ** വായിച്ച് ശ്രദ്ധയോടെ **പ്രാർത്ഥിക്കുന്നവർ** ഉണ്ട്. ഞങ്ങൾക്ക് **ജാഗ്രത നിർദ്ദേശം** നല്കണം. കർത്താവിന്റെ മുമ്പിൽ **കുറ്റമില്ലാത്തവരായി നില്ക്കാൻ** നിങ്ങളുടെ മാസികയിൽ **ഖണ്ഡിച്ചു എഴുതണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു**.

അതുകൊണ്ട് എനിക്കറിയുന്ന എത്രയോ **പെന്തക്കോസ്തുകാർ** തങ്ങൾ സംസാരിക്കുന്ന **അന്യഭാഷ നിർത്തിക്കഴിഞ്ഞു**. അതേസമയം അവരുടെ സഭ വിട്ട് അവർ പോയിട്ടില്ല. **അതും നിങ്ങളുടെ മാസികയുടെ ആലോചന മൂലമാണ്**.

നിങ്ങളുടെ മാസികയിൽ ആത്മാവു മൂലം ഉണർത്തുന്ന, എഴുതുന്ന **ജാഗ്രതാ നിർദ്ദേശവും** ആലോചനയും **എത്ര എതിർപ്പു** വന്നാലും ദയവു ചെയ്ത് ജാമക്കാരനിൽ **എഴുതുന്നത് നിർത്തരുത്**. ഞങ്ങളെപ്പോലെ ആയിരങ്ങൾ, ലക്ഷങ്ങളായി **വായനക്കാരുടെ കുടുംബങ്ങൾ** നിങ്ങളുടെ പിന്നിൽ **അണി അണിയായി** പ്രാർത്ഥനയോടെ നില്ക്കുന്നു എന്നറിഞ്ഞ് ധൈര്യമായി എഴുതണം. ഇതു ഞങ്ങൾ ചിലർ ചേർന്ന് **തമിഴ്നാട്**, വിദേശ രാജ്യങ്ങൾ, **മറ്റു സംസ്ഥാനങ്ങളിൽ** ജീവിക്കുന്ന **സ്നേഹിതർ** മൂലം ഫോൺ വഴിയായി കേട്ട് എഴുതുന്ന വാർത്തയാണ്.

കർത്താവിന്റെ ആത്മാവ് നിങ്ങളോട് കൂടെയുണ്ട്.

**ജാമക്കാരൻ** : മുകളിൽ വായിച്ചതുപോലെ ധാരാളം ജനങ്ങൾ കത്ത് വഴി **എഴുതിയും, സംസാരിച്ചും** എനിക്ക് **പ്രോത്സാഹനം നല്കി**. എല്ലാവർക്കും **എന്റെ ഉള്ളിലുള്ള യേശുക്രിസ്തുവിൻ നാമത്തിൽ** നന്ദി അറിയിക്കുന്നു.

കർത്താവിന് മഹത്വമുണ്ടാകട്ടെ

ആമേൻ

# മരണ അറിയിപ്പ്



Er. **Mathew Abraham** (ABY)

സഹോദരൻ മാത്യു അബ്രഹാം (എബി) 60 വയസ്സ് കർത്താവിൽ നിദ്ര പ്രാപിച്ചു. ട്രൈബൽ മിഷൻ വേലയിൽ ആരംഭകാല പ്രധാന തൂണുകളിൽ ഒരാളായ മിസ്റ്റർ അബ്രഹാം വർഗ്ഗീസ് അവർകൾ ട്രൈബൽ മിഷൻ ധനകാര്യ സെക്രട്ടറിയായും പ്രസിഡന്റായും ചുമതല വഹിച്ച് ട്രൈബൽ മിഷൻ വേലയെ മുമ്പോട്ട് നയിച്ചു. ഇദ്ദേഹത്തിന്റെ മകനാണ് ഇപ്പോൾ മരിച്ച എഞ്ചിനീയർ മാത്യു അബ്രഹാം.

ഇദ്ദേഹത്തിന്റെ വല്യപ്പച്ചനും അന്നത്തെ കാലത്ത് മിഷനറി ടീച്ചറായി പ്രവർത്തിച്ചിരുന്ന ഒരു ദൈവ മനുഷ്യനാണ്. കുടുംബം മുഴുവനും മിഷനറി ഭാരമുള്ള കുടുംബമായിരിക്കുന്നത് വലിയ സാക്ഷ്യമാണ്. ഇപ്പോൾ മരിച്ച എഞ്ചിനീയർ മാത്യു അബ്രഹാം അവർകൾ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ഫസ്റ്റ് ക്ലാസായി പാസ്സായി ഗവൺമെന്റിൽ പി.ഡബ്ല്യു.ഡി. യിൽ നല്ല ജോലി ലഭിച്ചിരുന്നു. പക്ഷെ ഈ ഡിപ്പാർട്ട്മെന്റ് ധാരാളം കൈക്കൂലി വാങ്ങുന്ന ഡിപ്പാർട്ടുമെന്റാണ്. ആ ജോലിയിൽ ദൈവത്തിന് സാക്ഷിയായി ജീവിയ്ക്കാൻ കഴിയില്ലെന്ന് പേടിച്ച് ഗവൺമെന്റ് ജോലി വേണ്ടെന്നു വച്ചു. ചില കാലം കഴിഞ്ഞ് ഇദ്ദേഹത്തിന്റെ മാർക്കും സർട്ടിഫിക്കറ്റും കണ്ട് ബഹ്‌റനിൽ ജോലിയ്ക്കായി വിളിച്ചു. അവിടെ കൈക്കൂലി പ്രശ്നം ഇല്ല. അതുകൊണ്ട് പല വർഷങ്ങൾ അവിടെ ജോലി ചെയ്ത് മടങ്ങി കേരളത്തിൽ താമസിച്ചു. അപ്പോഴാണ് ട്രൈബൽ മിഷനിൽ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടത്. പല ആദിവാസികളുടെ ഇടയിൽ ചെന്ന് സുവിശേഷം അറിയിച്ച് വളരെ ആത്മഭാരത്തോടെ ട്രൈബൽ മിഷനിൽ പ്രവർത്തിച്ചു. കഴിഞ്ഞ വർഷം 2020 നവംബർ മാസം 1–ാം തീയതി സകല ഒരുക്കത്തോടുകൂടെ കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. അദ്ദേഹത്തിന്റെ മരണം ഞങ്ങളുടെ ട്രൈബൽ മിഷന് തീരാ നഷ്ടമാണ്.

ഞങ്ങളുടെ ട്രൈബൽ മിഷൻ കുടുംബത്തിൽ ഒരാൾ നഷ്ടപ്പെട്ട ദുഃഖം ഞങ്ങളെ വിട്ട് ഇന്നും മാറിയിട്ടില്ല. അദ്ദേഹത്തിന്റെ സാക്ഷ്യമുള്ള ജീവിതത്തിന് വേണ്ടിയും മിഷനറി പ്രവർത്തനത്തിന് വേണ്ടിയും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും ദൈവം ആശ്വാസം നൽകി ബലപ്പെടുത്തുവാൻ നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

## അറിയിപ്പ്

ട്രൈബൽ മിഷൻ ആദിവാസികൾ താമസിക്കുന്ന **ആനക്കട്ടി** (അട്ടപ്പാടി) വയനാട് ഈ രണ്ട് സ്ഥലങ്ങളിലുമുള്ള ആദിവാസികൾക്കു വേണ്ടി നിർമ്മിച്ച രണ്ട് ആശുപത്രിയിലേക്ക് ഡോക്ടർമാർ – നഴ്സുമാർ എന്നിവരെ അടിയന്തരമായി ആവശ്യമുണ്ട്. 6 മാസങ്ങൾ അല്ലെങ്കിൽ 5 മാസം അഥവാ സ്ഥിരമായി സേവനം ചെയ്യാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷകൾ ക്ഷണിക്കുന്നു. റിട്ടേട് ചെയ്തവരാണെങ്കിലും അപേക്ഷിക്കാവുന്നതാണ്.

| | |
|---|---|
| **M.B.B.S. ഡോക്ടേഴ്സ്** | 2 |
| **Nurses (നര്സസ്)** | 2 |

യോഗ്യതയ്ക്ക് അനുസരിച്ചുള്ള ശമ്പളം നല്കുന്നതാണ്. കുടുംബമായി താമസിക്കുവാനുള്ള വീടും, ഒറ്റക്ക് താമസിക്കാനുള്ള വീടും ഉണ്ട് (വാടക നല്കേണ്ടതില്ല). യേശുക്രിസ്തുവിനെ ആദിവാസികൾക്ക് അറിയിക്കാനുള്ള നല്ല അവസരമാണ്. പാവങ്ങൾക്കു ട്രീറ്റ്മെന്റ് ചെയ്ത് സേവനം ചെയ്യാനുള്ള നല്ല അവസരമാണിത്. ബന്ധപ്പെടേണ്ട മേൽവിലാസം

Dr. **MURALIAR,** M.D, MNMAS (CARDIOLOGIST)
MEDICAL SUPERINTENDANT
BETHANI MEDICAL COLLEGE, ANAIKATTI - PO., COIMBATORE - 641108
Mob. : 09443165080 E.MAIL : muralidar.anaikatty@gmail.com



Rt. Rev. Sabu K. Cherian

**അനുമോദിക്കുന്നു!!!** **ആശംസിക്കുന്നു!!!**

## മദ്ധ്യകേരള C.S.I. ഡയോസിസിന് പുതിയ ബിഷപ്പിനെ തിരഞ്ഞെടുത്തു

കേരളത്തിൽ പുന്നക്കാട് സ്വദേശിയായ **റവ.ഡോ. സാബു കെ. ചെറിയാൻ** വയസ് 59 അവർകളെ മദ്ധ്യകേരള ഡയോസിസിന്റെ പുതിയ ബിഷപ്പായി സി.എസ്.ഐ. സിനഡ് തിരഞ്ഞെടുത്തു. ഇദ്ദേഹം അവസാനമായി തിരുവല്ല തോലശ്ശേരി സി.എസ്.ഐ. പള്ളിയിൽ വികാരി അച്ചനായി പ്രവർത്തിച്ചു കൊണ്ടിരുന്നു. ഇദ്ദേഹം ഡയോസിസിന്റെ ട്രഷററായിട്ടും ചിലകാലം പ്രവർത്തിച്ചു. പാവങ്ങളെ സഹായിക്കുന്നതിലും തൊഴിലാളികളുടെ കഷ്ടങ്ങൾ അറിഞ്ഞ് പല നല്ല സേവനങ്ങളെ ചെയ്തു എന്ന് എന്റെ വായനക്കാർ വഴിയായി എനിക്കറിയാൻ കഴിഞ്ഞു. തോലശ്ശേരി സി.എസ്.ഐ. പള്ളിയിൽ ഉള്ള ജാമക്കാരൻ വായനക്കാർ പലർ ഇദ്ദേഹത്തിന്റെ സേവനത്തെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ എന്നോട് പങ്കുവച്ചു. വളരെ വർഷങ്ങൾക്കുമുമ്പ് തന്നെ എനിക്കും അച്ചനെ പരിചയമുണ്ട്. മദ്ധ്യകേരള ഡയോസിസിന് പുതിയ ബിഷപ്പായി ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട റൈറ്റ്. റവ. ഡോ. സാബു കെ. ചെറിയാൻ അവർകൾക്ക് എന്റെ വ്യക്തിപരമായ പേരിലും, ജാമക്കാരൻ മലയാള വായനക്കാരുടെ പേരിലും വന്ദനവും അഭിനന്ദനവും അറിയിച്ചു കൊള്ളുന്നു.

ബിഷപ്പവർകൾ നല്ല ഒരു **അഡ്മിനിസ്ട്രേറ്റർ** (Administrator) എന്നും എനിക്കറിയാം. കൊച്ചമ്മ അവർകളും, മകനും മെഡിക്കൽ ഡോക്ടർമാരാണ്. ചെറിയ മകളും മെഡിക്കൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ദൈവഭയമുള്ള ബിഷപ്പ് അവർകൾ ഡയോസിസിനെ വചനാടിസ്ഥാനത്തിൽ ആത്മീയമായി വഴി നടത്തും എന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവ് മദ്ധ്യകേരളാ ഡയോസിസിന്റെ ഇന്ത്യയിലും, വിദേശത്തുമുള്ള അംഗങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

**DECEMBER- 2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.